പ്രസ്താവന

<u>ഇന്ത്യയുടെ നയതന്ത്ര വിജയം</u>

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): 18-ാം തീയതി ഈ സഭയിൽ ശ്രീ. പി.കെ. ഗുരുദാസൻ കൊണ്ടുവന്ന അടിയന്തര പ്രമേയത്തിൽ 2 ഇറ്റാലിയൻ നാവികർ ഇൻഡ്യൻ നിയമവ്യവസ്ഥയെ വെല്ലുവിളിച്ചുകൊണ്ട് ജാമ്യമെടുത്ത് പോയി തിരിച്ചുവരാത്ത പ്രശ്നം ഉന്നയിക്കുകയുണ്ടായി. അതിന് മറുപടി പറഞ്ഞ സമയത്ത് ആ രണ്ട് കുറ്റവാളികളെയും സമയത്തുതന്നെ തിരിച്ചുകൊണ്ടുവരുമെന്നും ഇൻഡ്യൻ നിയമത്തിനുള്ളിൽത്തന്നെ അവർ വിചാരണ ചെയ്യപ്പെടുമെന്നും ഞാൻ ഈ സഭയ്ക്ക് ഉറപ്പ് നൽകുകയുണ്ടായി. ഇൻഡ്യൻ പ്രധാനമന്ത്രിയോട് സംസാരിച്ചതിനുശേഷമാണ് ഞാൻ ആ ഉറപ്പ് നൽകിയത്. ഈ ഇറ്റലിക്കാരെ തിരിച്ച് ഇവിടെ കൊണ്ടുവന്ന് ഇൻഡ്യൻ നിയമത്തിന് മുമ്പിൽ വിചാരണ ചെയ്യപ്പെടുമെന്ന പ്രധാനമന്ത്രിയുടെ ഉറച്ച നിലപാട്, കേന്ദ്ര ഗവൺമെന്റിന്റെ ഉറച്ച നിലപാടിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ഈ സഭയിൽ ഉറപ്പ് നൽകിയത്. നയതന്ത്ര ബന്ധങ്ങൾ, നയതന്ത്ര പരിരക്ഷ ഇവ ഒരു രാജ്യത്തിന്റെ പരമാധികാരത്തെ ചോദ്യം ചെയ്യാനുള്ളതല്ലെന്നും നിയമ വ്യവസ്ഥിതിയെ വെല്ലുവിളിക്കാനുമുള്ളതല്ലെന്നുമുള്ള ശക്തമായ നിലപാടാണ് കേന്ദ്ര ഗവൺമെന്റ് എടുത്തത്. കേന്ദ്ര ഗവൺമെന്റ് ഈ പ്രശ്നം സുപ്രീം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഉടനെ സുപ്രീം കോടതി എടുത്ത നിലപാട് എന്താണ്? ഇറ്റാലിയൻ അംബാസിഡറുടെ ജാമ്യത്തിൽ പോയിട്ട് ഇവർ തിരിച്ചുവരില്ലെന്ന് വന്നാൽ അത് നയതന്ത്ര പരിരക്ഷയുടെ പേരിൽ ഒരു രാജ്യത്തെ വഞ്ചിക്കലാകും. അത് ഒരിക്കലും അനുവദി

ക്കാൻ പാടില്ലെന്ന് ഉൾക്കൊണ്ടുകൊണ്ടാണ് ഇറ്റലിയുടെ അംബാസിഡർ ഇൻഡ്യ വിട്ടുപോകരുതെന്ന് പറഞ്ഞത്. നയതന്ത്ര രംഗത്ത് സുപ്രീംകോടതി വിധി ഒരു പ്രത്യേക സംഭവമാണ്. ലോകത്തിലെ ഏറ്റവും വലിയ നിയമസം വിധാനം മാത്രമല്ല, ഏറ്റവും ശക്തമായ സംവിധാനമാണ് ഇൻഡ്യയുടേതെന്ന് അത് ബോധ്യപ്പെടുത്തുകയും ചെയ്തു. ബഹുമാന്യയായ സോണിയാ ജിയുടെ പേര് പോലും ഇവിടെ വലിച്ചിഴച്ചു. ഇൻഡ്യയുടെ പരമാധികാരത്തെ ചോദ്യം ചെയ്യാൻ ലോകത്തിലെ ഒരു ശക്തിയെയും അനുവദിക്കില്ലെന്നുള്ള തിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് ആ രണ്ട് നാവികർ തിരിച്ചു വന്ന് ഇൻഡ്യൻ നിയമത്തിന് വിധേയമായി വിചാരണയ്ക്ക് തയ്യാറാകുന്ന സാഹചര്യം. കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും പേരിൽ പ്രധാനമന്ത്രി യോടും കേന്ദ്ര ഗവൺമെന്റിനോടും സുപ്രീം കോടതിയോടുമുള്ള നന്ദി പ്രക ടിപ്പിക്കാൻ ഈ അവസരം വിനിയോഗിക്കുന്നു. .........(ബഹളം).......

<u>മി. സ്പീക്കർ</u>: റൂൾ 50-ലേയ്ക്ക് കടക്കുകയാണ്. ബഹുമാനപ്പെട്ട പി. കെ. ഗുരുദാസൻ ഇത് മുഖ്യമന്ത്രിയുടെ ഒരു പ്രസ്താവനയാണ്. അതുമതി. .......(ബഹളം).........ഇക്കാര്യത്തിൽ കോടതി ഇടപെട്ടു എന്നത് ശരിയാണ്. സുപ്രീം കോടതിയുടെ ഇടപെടലിനെക്കുറിച്ച് മുഖ്യമന്ത്രി പറഞ്ഞല്ലോ? ആര് അവതരിപ്പിച്ചാലും അതുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാര മുണ്ടാകുമ്പോൾ മുഖ്യമന്ത്രി ഒരു സ്റ്റേറ്റ്മെന്റ് കൊടുക്കുന്ന പതിവ് എപ്പോഴുമു ള്ളതാണ്. അക്കാര്യത്തെക്കുറിച്ച് ഇനി ചർച്ച ചെയ്യേണ്ട ആവശ്യമില്ല.